Page 1 of 3

സെക്കണ്ടറി വിഭാഗത്തിൽ ഓൺലൈൻ ക്ലാസ്സുകളോടൊപ്പംതന്നെ കുട്ടികൾക്ക് മാനസികാരോഗ്യ ക്ലാസ്സുകൾകൂടി നൽകിവരുന്നുണ്ട്. വിദ്യാർത്ഥികൾക്കായി എല്ലാ ഞായറാഴ്ചകളിലും SHE-Assembly എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഹയർ സെക്കണ്ടറി വിഭാഗം സി.ജി. & എ.സി. (Career Guidance and Adolescent Counselling Cell) ജില്ലാ കോർഡിനേറ്റർമാരുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ഓൺലൈൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിദ്യാർത്ഥികളും രക്ഷിതാക്കളും നേരിടുന്ന മാനസിക സംഘർഷങ്ങൾ മനസ്സിലാക്കുന്നതിനും ദൂരീകരിക്കുന്നതിനുമായി മാനസികാരോഗ്യ വിദഗ്ദ്ധരുടേയും വിദ്യാഭ്യാസ വിദഗ്ദ്ധരുടേയും ക്ലാസ്സുകൾ എല്ലാ വിദ്യാർത്ഥികൾക്കുമായി ZOOM-Platform, Youtube live എന്നിവ മുഖാന്തരം നൽകിവരുന്നു.

വില്ലേജ് ഓഫീസുകളുടെ നവീകരണം

17(*227) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളുടെ നവീകരണത്തിനായി പ്ലാൻ സ്കീം പ്രകാരം വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ, ചുറ്റുമതിൽ നിർമ്മാണം, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യം, സ്ഥലപരിമിതികളുള്ള വില്ലേജ് ഓഫീസുകളിൽ അധികമുറി നിർമ്മാണം, കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയ ബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ സ്മാർട്ട് ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലുള്ള അന്തരീക്ഷത്തിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ചിട്ടുള്ളത്. ആധുനിക സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങളും ഇ-ഗവേണൻസിന്റെ സഹായത്തോടുകൂടി വില്ലേജ് ആഫീസിൽ നിന്നുള്ള സേവനങ്ങൾ ഏതുസമയത്തും എവിടെവച്ചും ലഭ്യമാക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളിൽ ഒരുക്കുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകൾക്കായി സ്ഥലലഭ്യതയ്ക്കനുസരിച്ച് ആധുനിക രീതിയിലുള്ള കെട്ടിടങ്ങളാണ് നിർമ്മിച്ചുവരുന്നത്. ഇവയിൽ പൊതുജനങ്ങൾക്കായി ഹെൽപ്പ് ഡെസ്ക്/ഫ്രണ്ട് ഓഫീസ്, സന്ദർശകർക്കുള്ള റൂം, വില്ലേജ് ഓഫീസറുടെ റൂം, മറ്റ് ഉദ്യോഗസ്ഥർക്കുള്ള ഓഫീസ് റൂം, ഡൈനിംഗ് റൂം, റിക്കാർഡ് റൂം, ടോയ്ലറ്റുകൾ എന്നിവയും ഫർണിച്ചർ, സേവനങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യങ്ങൾ എന്നിവയും ഉൾപ്പെടുന്നു. പൊതുജനങ്ങളുടെ സൗകര്യത്തിനായി ഇരിപ്പിട സൗകര്യങ്ങളോടുകൂടിയ സന്ദർശക മുറിയും കുടിവെള്ള സൗകര്യവും ടോയ്ലറ്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ ഓഫീസുകളും ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിച്ചു വരുന്നത്. സ്മാർട്ട് വില്ലേജ് ഓഫീസുകളിൽനിന്നും ലഭിക്കുന്ന സേവനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇ-ഡിസ്ട്രിക്ട്-വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ഓൺലൈനായി ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്.

2. ആർ.ആർ. ഓൺലൈൻ - റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയാണ് ആർ.ആർ. ഓൺലൈൻ.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation) - ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്ന പദ്ധതിയാണ് ഇത്.

4. ഇ-പെയ്മെന്റ് - സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പെയ്മെന്റുകളും ഓൺലൈൻ വഴിയും വില്ലേജ് ഓഫീസുകളിൽ നേരിട്ടും ഒടുക്കുന്നതിനുള്ള ഇ-പെയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് - ഡിജിറ്റൽ പണമിടപാട് പ്രോത്സാഹിപ്പിക്കുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് വിവിധ തരത്തിലുള്ള നികുതികൾ സ്വീകരിക്കുന്നതിനുള്ള നടപടി നടന്നുവരുന്നു. ഈ-പോസ് വഴി സ്വീകരിക്കുന്ന തുക ഉടനടി തന്നെ സർക്കാർ ഖജനാവിലേയ്ക്ക് എത്തുന്നു എന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം.

(ബി) കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ?

കാലപ്പഴക്കം നിമിത്തം ജീർണ്ണിച്ച വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രളയബാധിത പ്രദേശങ്ങളിലെ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരവും സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നു. പ്ലാൻ സ്കീം പ്രകാരം നാളിതുവരെ 260 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 255 വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ പുനർനിർമ്മിക്കുന്നതിനായും ഭരണാനുമതി നൽകിയിട്ടുള്ളതാണ്. നിർമ്മാണം പൂർത്തീകരിച്ച 125 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പട്ടിക അനുബന്ധം -1* ആയും നിർമ്മാണപ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്ന 350 വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ പട്ടിക അനുബന്ധം -2* ആയും ആദ്യ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 23 സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഉദ്ഘാടനം നടത്തുന്നതിന് തയ്യാറായി വരുന്ന വില്ലേജ് ഓഫീസുകളുടെ പട്ടിക അനുബന്ധം-3* ആയും ചേർക്കുന്നു.

ഉപരിപഠനത്തിന് അവസരം

18(*228) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പത്താം ക്ലാസ്സ് പൊതുപരീക്ഷയിൽ ഉന്നതവിജയം കൈവരിക്കാനായതിന്റെ തുടർച്ച ഉറപ്പാക്കുന്നതിന് ഹയർ സെക്കണ്ടറി മേഖലയിൽ ഉപരിപഠനത്തിന് എല്ലാവർക്കും അവസരം ഒരുക്കാൻ വേണ്ട സൗകര്യം ഏർപ്പെടുത്തുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly